# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2565 — 19.03.2015 -ൽ മറുപടിയ്ക്ക്

## ചെറുകിട കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അച്യുതൻ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" വി.ഡി.സതീശൻ<br>" സി.പി.മുഹമ്മദ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് ഭൂജല വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കുഴൽകിണർ / ട്യൂബ് വെൽ നിർമ്മിച്ച് പമ്പ്, പൈപ്പ്ലൈൻ എന്നിവ സ്ഥാപിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണ് ഭൂജല വകുപ്പ് നടപ്പിലാക്കുന്നത്. മണിക്കൂറിൽ 1000 ലിറ്ററിൽ താഴെ മാത്രം വെള്ളം ലഭിക്കുന്ന കുഴൽകിണറുകളിൽ ഹാൻഡ് പമ്പ് ഉപയോഗിച്ചുള്ള പദ്ധതിയും നടപ്പിലാക്കുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) മറ്റു കുടിവെള്ള പദ്ധതികളൊന്നും ഇല്ലാത്ത സ്ഥലങ്ങളിലെ ജനങ്ങൾക്ക് കുഴൽകിണർ / ട്യൂബ് വെൽ കുഴിച്ച് ശുദ്ധജലം എത്തിക്കുക എന്നതാണ് ലക്ഷ്യം. ഇത്തരം പദ്ധതികൾ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി, പഞ്ചായത്ത് ഡിപ്പോസിറ്റ്, എം.എൽ.എ എസ്.ഡി.പി /എം.പി.എൽ.എ.ഡി, മറ്റു സർക്കാർ |

| | |
|---|---|
| | സ്ഥാപനങ്ങളിലെ ഡിപ്പോസിറ്റ് സ്കീം എന്നിവ മുഖേനയാണ് നടപ്പിലാക്കുന്നത്. |
| സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ ; | സി) ആവശ്യമായ സ്ഥലം, ഫണ്ട്, ജനങ്ങളുടെ സഹകരണം എന്നിവയാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്. |
| ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) ഭൂജലവകുപ്പ് 2002 മുതൽ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി എന്നിവയിലുൾപ്പെടുത്തി 2013-14 വർഷത്തിൽ 709 കുഴൽ കിണർ നിർമ്മാണം, 182 ചെറുകിട കുടിവെള്ള പദ്ധതികൾ, 284 ഹാൻഡ് പമ്പ് സ്കീം, 799 ഹാൻഡ് പമ്പ് റിപ്പയർ എന്നിവ പൂർത്തീകരിച്ചു. ഈ വർഷം (2014-15) ഇതുവരെയായി 294 കുഴൽകിണർ / ട്യൂബ് വെൽ നിർമ്മാണം, 32 ചെറുകിട കുടിവെള്ള പദ്ധതികൾ, 36 ഹാൻഡ് പമ്പ് സ്കീം, 258 ഹാൻഡ് പമ്പ് റിപ്പയർ എന്നിവ പൂർത്തീകരിച്ചു. 102 ചെറുകിട കുടിവെള്ള പദ്ധതികൾ, 89 ഹാൻഡ് പമ്പ് സ്കീം, 77 ബോർവെൽ നിർമ്മാണം, 32 ഹാൻഡ് പമ്പ് റിപ്പയർ എന്നിവ മാർച്ച് 25 ന് മുമ്പ് പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ